അഭിമുഖം

# നിനവുകളിൽ മുറിപ്പാടുകളുമായി

കഴിഞ്ഞ മുപ്പത്തഞ്ച് വർഷങ്ങളായി സമർഥനായ ഭിഷഗ്വരനെന്ന നിലയിൽ സുൽത്താൻപൂർ പട്ടണത്തിൽ അറിയപ്പെടുന്നയാളാണ് ഹകീം ഖാജാ ഇഖ്ബാൽ അഹ്മദ് സാഹിബ്. അദ്ദേഹത്തെ അദ്ദേഹമാക്കിയത് ആരാണെന്നറിയാവുന്നവർ ചുരുങ്ങും. തുടർച്ചയായ അനാരാരോഗ്യംമൂലം നഗരത്തിലെ ചുരുക്കം ചില സാംസ്കാരിക വൈജ്ഞാനിക പരിപാടിളിലേ അദ്ദേഹമിപ്പോൾ പങ്കുകൊള്ളാറുള്ളൂ. എങ്കിലും അദ്ദേഹത്തിന്റെ ധിഷണാവൈഭവവും ഖുർആനിലും സുന്നത്തിലുമുള്ള അവഗാഹവും ഇസ്‌ലാമിക പ്രസ്ഥാനത്തെക്കുറിച്ച ഹൃദയത്തുടിപ്പുകളും അടുത്തിടപഴകുന്ന ആർക്കും ബോധ്യമാകും. എഴുപത് പിന്നിട്ട ആ വന്ദ്യവയോധികന്റെ ഗതകാലത്തിലേക്ക് എത്തിനോക്കുമ്പോൾ ഒരു മനോഹരലോകം ദൃശ്യമാകുന്നു. ഈ നൂറ്റാണ്ട് കണ്ട ഒരു മഹാമനുഷ്യന്റെ ഹൃദയാവർജകമായ വ്യക്തിപ്രഭാവത്തിൽനിന്നാണതിന്റെ തുടക്കം. തരളചിത്തനായ ഒരു ‘ഖാജാ’യെ ദൃഢചിത്തനായ ‘ഖാജ’യാക്കി മാറ്റിയത് അദ്ദേഹമാണ്.

പിന്നിട്ട നൂറ്റാണ്ടുകളിൽ നമ്മുടെ ചരിത്രത്തിന് അസംഖ്യം പ്രഗത്ഭമതികളെ സംഭാവന ചെയ്ത ‘അവധ്’ പ്രവിശ്യയിലെ ഫലഭുയിഷ്ഠമായ നഗരങ്ങളിലൊന്നിലാണ് ഹക്കീംസാഹിബിന്റെ ജനനം. വിജ്ഞാനദാഹം അദ്ദേഹത്തെ നദ്‌വയിലെത്തിച്ചു. രാജ്യത്തെ സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾ തങ്ങളുടെ ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയും യൂറോപ്യൻ നാടുകളിൽ രണ്ടാം ലോകമഹായുദ്ധത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങുകയും ചെയ്ത കാലമായിരുന്നു അത്. ഹക്കീം സാഹിബ് ദൈവദത്തമായ തന്റെ ബുദ്ധിശക്തികൊണ്ട് വർഷംതോറും ഓരോരോ കോഴ്സുകൾ പൂർത്തിയാക്കിക്കൊണ്ടിരുന്നു. ഇതേകാലത്താണ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി തന്റെ പ്രവർത്തനങ്ങൾ എളിയ തോതിൽ തുടങ്ങിവെച്ചത്. കേവലമായ സ്വാതന്ത്ര്യത്തിനും സാമുദായികതക്കുമുപരിയായി ഏകമാനവികതയും ഇഖാമത്തുദ്ദീനുമെന്ന ഉന്നതമായ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. നദ്‌വയിൽവെച്ച് മറ്റു വിദ്യാർഥികളെപ്പോലെ ഹക്കീം സാഹിബും ആ ഇസ്‌ലാമിസ്റ്റിന്റെ ലേഖനങ്ങളിൽ പ്രചോദിതനായി. ഭാഗ്യവശാൽ നദ്‌വയിൽ, ഇസ്‌ലാമിക നവോത്ഥാനത്തിനുള്ള അടങ്ങാത്ത അഭിനിവേശവും വിപ്ലവവീര്യവും പകർന്നുകൊടുത്ത ഒരധ്യാപകനെയും അവർക്കു കിട്ടി. അബുൽഹസൻ അലി നദ്‌വിയായിരുന്നു പ്രസ്തുത അധ്യാപകൻ. ഹകീം സാഹിബ്, മൗലാനാ അബുൽ ഹസൻഅലി നദ്‌വിയൊന്നിച്ച് ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു. മൗലാനയോടൊപ്പമുള്ള ചരിത്രപ്രധാനമായ ആ യാത്രയിൽ ആ കാലഘട്ടത്തിലെ സമുന്നതരായ ചില വ്യക്തിത്വങ്ങളുമായി പരിചയപ്പെടാൻ അദ്ദേഹത്തിനു സാധിച്ചു. മൗലാനാ ഇല്യാസി (തബ്‌ലീഗ് ജമാഅത്ത് സ്ഥാപകൻ വിവഃ)ന്റെ വ്യക്തിത്വം ഹകീം സാഹിബിനെ ഹഠാദാകർഷിച്ചു. ഒരു വിശ്വാസിയായ മനുഷ്യനെയും അയാളുടെ ആർദ്രഹൃദയവും അദ്ദേഹം ആദ്യമായി കണ്ടറിഞ്ഞു. പിന്നീടൊരിക്കൽ നദ്‌വയിൽ ഒരു പ്രത്യേക യോഗം സംഘടിപ്പിക്കപ്പെട്ടു. ആ യോഗത്തിൽ ലാഹോറിൽനിന്ന് വന്ന മൗലാനാ മൗദൂദി തന്റെ പ്രസിദ്ധ നിബന്ധമായ “പുതിയ വിദ്യാഭ്യാസ പദ്ധതി” അവതരിപ്പിച്ചു. മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വിയായിരുന്നു അധ്യക്ഷൻ. യോഗത്തിൽ സംബന്ധിച്ചവരിൽ മൗലാനാ അബ്ദുൽ മാജിദ് ദരിയാബാദിയും ഉണ്ടായിരുന്നു. മൗലാനാ മൗദൂദിയുടെ ഈ നദ്‌വാ സന്ദർശനം വിജ്ഞാനത്തിന്റെ പുതിയ ചക്രവാളങ്ങൾ തേടിപ്പോകാൻ ഹകീം സാഹബിന് പ്രേരണയായി. നദ്‌വയിൽനിന്ന് ഞെങ്ങിഞെരുങ്ങി അദ്ദേഹം ലാഹോറിലെത്തി. യുദ്ധകാലം. വണ്ടിയിൽ യാത്രക്കാരിലേറെയും സൈനികർ. ഒരു ഐസുപെട്ടിമേലാണ് അദ്ദേഹത്തിനിടം കിട്ടിയത്. ആ കൊടുംതണുപ്പ് പക്ഷേ, അദ്ദേഹത്തിന്റെ ആവേശം തെല്ലും കെടുത്തിയില്ല. പരുക്കൻ വേഷത്തിൽ, ശയ്യോപകരണങ്ങൾ ചുറ്റിക്കെട്ടിയ ഭാണ്ഡവും പേറി മൗദൂദിയുടെ വീട്ടിലെത്തിയ അദ്ദേഹത്തെ മൗലാന സന്തോഷാതിരേകത്തോടെ ആലിംഗനം ചെയ്തു. തുടർന്നങ്ങോട്ടുള്ള മൗലാനയുടെ ഓജസ്സാർന്ന ഇരവുപകലുകളും, തന്റെ ആഹ്ലാദഭരിതമായ നിമിഷങ്ങളും ഏതോ നഷ്ട സ്വർഗത്തെക്കുറിച്ച അനുസ്മരണമെന്നപോലെ അനവദ്യസുന്ദരമായ ശൈലിയിൽ ഹകീംസാഹിബ് തന്റെ കൃതികളിൽ വിവരിച്ചിട്ടുണ്ട്.

ലാഹോറിലും പാഠാൻകോട്ടിലെ ദാറുൽ ഇസ്‌ലാമിലുമായി സുമാർ രണ്ടര വർഷക്കാലം മൗദൂദിയോടൊപ്പം കഴിച്ചുകൂട്ടാൻ ഹകീം സാഹിബിന് അവസരമുണ്ടായി. ഈ കാലയളവിൽ മൗദൂദിയിൽനിന്ന് ഖുർആനും മറ്റു വിജ്ഞാനീയങ്ങളും പഠിച്ച അദ്ദേഹം മൗലാനയുടെ അസിസ്റ്റന്റ്, പ്രൈവറ്റ് സെക്രട്ടറി, ആത്മമിത്രം, നിസ്വാർഥ സേവകൻ, വിനീത ശിഷ്യൻ എന്നീ നിലകളിലെല്ലാം മൗലാനയുടെ കരങ്ങളെ ശക്തിപ്പെടുത്തുകയുണ്ടായി. മൗലാനയും അദ്ദേഹത്തിന്റെ കുടുംബവും പ്രത്യേകിച്ച് അദ്ദേഹത്തിന്റെ മാതാവ്, ബുദ്ധിമാനും അധ്വാനശീലനുമായ ഈ ചെറുപ്പക്കാരനോട് എത്രമാത്രം വാത്സല്യത്തോടെയാണ് പെരുമാറിയിരുന്നത് എന്ന് ഹകീം സാഹിബിന്റെ ആത്മകഥക്കുറിപ്പുകൾ വിശദമാക്കുന്നുണ്ട്. അമ്പത് വർഷങ്ങൾക്കു മുമ്പ്, ചരിത്രം സൃഷ്ടിച്ച ഒരു പ്രസ്ഥാനത്തിന് രൂപം നൽകിക്കൊണ്ട്, തങ്ങൾ ഇസ്‌ലാമിനെ ജീവസ്സുറ്റ ഒരു വിപ്ലവപ്രസ്ഥാനമായി വളർത്തിയെടുക്കുമെന്നും അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ വ്യവസ്ഥ നടപ്പിലാക്കാൻ യത്നിക്കുമെന്നും പ്രതിജ്ഞയെടുത്ത പവിത്ര ഹൃദയരായ ആ എഴുപത്തഞ്ചാളുകളിൽ ഹകീം സാഹിബുമുണ്ടായിരുന്നു. ഏതാനും നാളുകൾക്കകംതന്നെ ചില ‘പവിത്രമാനസന്മാർ’ ആ പ്രസ്ഥാനത്തെ പിളർക്കാനും ശിഥിലമാക്കാനും വിഫല ശ്രമങ്ങൾ നടത്തുന്നതും അദ്ദേഹം കണ്ണാലെ കണ്ടു.

തുടർന്ന് അനാരോര്യം കാരണം മനസ്സില്ലാമനസ്സോടെ നാട്ടിലേക്കുതിരിച്ച അദ്ദേഹം നീണ്ടകാലം ചികിത്സക്ക് വിധേയനായി. രോഗങ്ങളുടെ കടന്നാക്രമണം അദ്ദേഹത്തെ വൈദ്യശാസ്ത്രപഠനത്തിന് നിർബന്ധിതനാക്കി. അക്കാലത്ത് ലഖ്നോവിലെ പേരുകേട്ട ഭിഷഗ്വരനായിരുന്ന അബ്ദുൽ ഹലീം സാഹിബിന്റെ പക്കൽനിന്ന് കുറഞ്ഞകാലം കൊണ്ട് വൈദ്യശാസ്ത്രപഠനം പൂർത്തിയാക്കി. ഒരു ക്ലിനിക്ക് സ്ഥാപിക്കാൻ എത്ര രൂപവേണ്ടിവരുമെന്ന് മൗദൂദി അന്വേഷിച്ചു. നൂറു രൂപ മതിയെന്നായിരുന്നു ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന ആ ശിഷ്യന്റെ മറുപടി. രൂപ കൈയിൽ കിട്ടിയപ്പോൾ തന്റെ ആദ്യ ഗുരുവായ അബുൽ ഹസൻ അലി നദ്‌വിയുടെ വാക്കുകൾ അദ്ദേഹമോർത്തുപോയി: “ഇഖ്ബാൽ, പുസ്തകങ്ങൾകൊണ്ട് എല്ലാം

നേടാനാവില്ല. ഹൃദായാലുക്കളുമായുള്ള സൗഹൃദം അനിവാര്യമാണ്". 87 രൂപക്ക് വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ വാങ്ങി 13 രൂപയുടെ മരുന്നുകളും. അങ്ങനെ ഒരു കെട്ട് പുസ്തകവും ഒരു സഞ്ചി മരുന്നുമായി നാട്ടിലെത്തിയ ഹകീം സാഹിബ് അവിടെ ഒരു ചികിത്സാലയം തുടങ്ങി. പിന്നീട് ഏഴെട്ട് വർഷങ്ങൾക്കുശേഷം ഇതേ പുസ്തകക്കെട്ടും മരുന്നു സഞ്ചിയുമായി സുൽത്താൻപൂരിലേക്ക് പുറപ്പെട്ടു. ദൈവാനുഗ്രഹത്താൽ ഇന്നും രോഗികൾക്കു ഒരഭയകേന്ദ്രമായി അദ്ദേഹം സുൽത്താൻപൂരിൽ കഴിഞ്ഞുപോരുന്നു. "അവശരായ ആളുകളുടെ നിസ്സഹായതയെ ചൂഷണം ചെയ്യരുത്. പൂർണമായ ശ്രദ്ധയോടും ആത്മാർഥതയോടുംകൂടി രോഗികളെ ചികിത്സിക്കണം" എന്ന് മൗലാനാ മൗദൂദി ആദ്യദിവസംതന്നെ അദ്ദേഹത്തിനു എഴുതിഅയച്ച നിർദേശം ശിരസാവഹിച്ചുകൊണ്ട്.

സ്വാതന്ത്ര്യത്തിനു മുമ്പ് തൽവാറയിൽ വെച്ചാണ് അവസാനമായി ഹകീം സാഹിബ് മൗദൂദിയെ കണ്ടത്. വിഭജനാനന്തരം പാക്കിസ്ഥാനിൽ ചെന്ന് വീണ്ടും കാണാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. സ്ഥിതിഗതികൾ, ഇങ്ങോട്ട് വരാൻ മൗദൂദി സാഹിബിനെയും അനുവദിച്ചില്ല. അങ്ങനെ മഹോന്നതനായ ആ ദീനീസേവകൻ തന്റെ നാഥന്റെയടുക്കലേക്ക് യാത്രയായി. തന്റെ ഗുരുവര്യന്റെ വിരഹം സൃഷ്ടിച്ച വ്യഥ നിഴലിച്ചുനിൽക്കുന്ന ഹകീം സാഹിബിന്റെ മുഖം കാണുന്നവർക്കറിയാം മൗദൂദി(റ)യുമായി അദ്ദേഹത്തിനുണ്ടായിരുന്ന ഗാഢമായ ബന്ധം.

'ദഅ്‌വത്തി'ന്റെ ജമാഅത്ത് സ്പെഷ്യലിന് ഹകീം സാഹിബ് അനുവദിച്ച അഭിമുഖമാണ് ചുവടെ:

ചോദ്യം: താങ്കളുടെ അഭിപ്രായത്തിൽ മൗലാനാ മൗദൂദി (റ)യുടെ ഏറ്റവും മികച്ച കൃതിയേതാണ്? അതിന്റെ രചനയുടെ തുടക്കവും അത് പൂർത്തിയാക്കുന്നതിൽ ഗ്രന്ഥകാരനുണ്ടായിരുന്ന നിശ്ചയദാർഢ്യവും സംബന്ധിച്ച താങ്കളുടെ അനുഭവങ്ങൾ വിവരിക്കാമോ?

ഉത്തരം: മൗലാനയുടെ ഏറ്റവും മികച്ച കൃതി തഫ്ഹീമുൽ ഖുർആനാണ്. ഗ്രന്ഥരൂപത്തിലാകുന്നതിന് മുമ്പ് അതിന്റെ കരട് രൂപം 'തർജുമാനുൽ ഖുർആൻ' മാസികയിലൂടെ പ്രസിദ്ധീകരിച്ചിരുന്നു. തഫ്ഹീമിന്റെ ആദ്യഭാഗം 'തർജുമാനുൽ ഖുർആനി'ൽ പ്രസിദ്ധീകരിച്ചപ്പോൾ തന്നെ തഫ്ഹീമിലൂടെ ഏതൊരാവശ്യമാണ് താൻ പൂർത്തീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിച്ചുകൊണ്ട്, തഫ്ഹീമിന്റെ ഈ കരട് രൂപത്തിൽ വല്ല അബദ്ധങ്ങൾ കാണുകയോ എവിടെയെങ്കിലും കൂടുതൽ വിശദീകരണമാവശ്യമാണെന്ന് തോന്നുകയോ ചെയ്യുന്ന പക്ഷം അക്കാര്യം തെളിവുകളോടുകൂടി തന്നെ ഉണർത്തണമെന്ന് പണ്ഡിതന്മാരോട് നിർദേശിച്ചിരുന്നു. തഫ്ഹീമിന്റെ പ്രഥമഭാഗം പ്രസിദ്ധീകൃതമായ ശേഷം രണ്ട് വർഷത്തോളം ഞാൻ മൗലാനയുടെ കൂടെയുണ്ടായിരുന്നു. തെളിവുസഹിതം വല്ല വിമർശനവും വന്നാൽ മൗലാന ആ കത്ത് വായിച്ചശേഷം മറ്റു പണികളൊക്കെ നിർത്തിവെച്ച് അത് വിശകലനം ചെയ്യും. 'തഫ്ഹീമി'ന്റെ കാര്യത്തിലെന്നല്ല, ഏത് വിഷയത്തിലും തെളിവുസഹിതം തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ അത് സമ്മതിക്കാനും പ്രസിദ്ധപ്പെടുത്താനുമുള്ള ആർജവം മൗദൂദിക്കുണ്ടായിരുന്നു. സ്വന്തം തെറ്റുകൾ തെറ്റായംഗീകരിക്കാൻ ഏറെ തന്റേടം ആവശ്യമാണ്. തെറ്റുകളിൽ ഉറച്ചുനിൽക്കുകയും അത് വ്യക്തമാവുമ്പോൾ മൗനം ദീക്ഷിക്കുകയും ചെയ്യുന്ന ഗണത്തിലായിരുന്നില്ല മൗദൂദി. ഖേദകരമെന്നു പറയട്ടെ, പിഴവുകളംഗീകരിക്കുന്ന കാര്യത്തിൽ മൗദൂദിയുടെ ഈ മാതൃക പിന്തുടരാൻ ഉന്നത ശീർഷരായ പല 'ഹൃദയാലുക്കൾ'ക്കും കഴിഞ്ഞിട്ടില്ല.

(ഹകീം സാഹിബിന്റെ 'ഹൃദയാലുക്കൾ' എന്ന പ്രയോഗം പിന്നിട്ട നാളുകളിലെ തന്റെ കയ്പേറിയ ചില അനുഭവങ്ങളിലേക്കുള്ള വാചാലമായ സൂചനയാണ്. മൗലാനാ മൗദൂദിയെ 'ഹൃദയ'മില്ലാത്തവനും പുണ്യപുരുഷന്മാരുടെ സംരക്ഷണമില്ലാത്തവനും ഉന്നതപണ്ഡിതന്മാരുടെ പൊരുത്തമില്ലാത്തവനും മാത്രമല്ല, സർട്ടിഫിക്കറ്റുകൾപോലുമില്ലാത്തവനായി മുദ്രകുത്തി അദ്ദേഹം പരിഗണിക്കപ്പെടേണ്ട ആളല്ലെന്ന് വരുത്തിത്തീർക്കാൻ നടത്തപ്പെട്ട ശ്രമങ്ങളെപ്പറ്റി തന്റെ ലേഖനങ്ങളിൽ അദ്ദേഹം എഴുതിയിട്ടുണ്ട്.

ചോദ്യം: തഫ്ഹീമിന്റെ കാര്യത്തിൽ മൗലാനക്ക് എത്രമാത്രം ശുഷ്കാന്തിയുണ്ടായിരുന്നു? അതിനാവശ്യമായ രേഖകളും വസ്തുതകളും അദ്ദേഹം സമാഹരിച്ചതെങ്ങനെയാണ്? പൂർവികരായ പണ്ഡിതന്മാർ വർഷങ്ങളോളം ഏകാഗ്രചിത്തരായിരുന്ന് നിർവഹിച്ച കൃത്യമാണല്ലോ, സംഘടനാപ്രവർത്തനം, ജയിൽവാസം, പര്യടനങ്ങൾ തുടങ്ങിയ നാനാ തരം തിരക്കുകൾക്കിടയിൽ അദ്ദേഹം പൂർത്തിയാക്കിയിട്ടുള്ളത്?

ഉത്തരം: തഫ്ഹീമിന്റെ ജോലി തുടങ്ങിയത് മുതലുള്ള മൗദൂദിയുടെ കഠിനാധ്വാനം കണ്ടാൽ അദ്ദേഹത്തോട് സഹതാപം തോന്നുമായിരുന്നു. വിശുദ്ധ ഖുർആന്റെ പരിഭാഷയിൽ തെറ്റു സംഭവിക്കുന്നത് പരലോകനഷ്ടത്തിന് ഹേതുവാകുമല്ലോ.

മൗലാനയെ സംബന്ധിച്ചേടത്തോളം ഖുർആനികാധ്യാപനങ്ങൾ മനസ്സിലാക്കാനുള്ള പ്രഥമാവലംബം ഖുർആൻ തന്നെയായിരുന്നു. വുദുവെടുത്ത് മുറിയിൽ കടന്നിരുന്ന ഉടനെ ബന്ധപ്പെട്ട ഭാഗം പാരായണംചെയ്തു തുടങ്ങും. അതേ ഭാഗംതന്നെ ആവർത്തിച്ചാവർത്തിച്ച് ഓതുകയും അതേപറ്റി ചിന്തിക്കുകയും ചെയ്യും. ചില ഖണ്ഡികകൾ മണിക്കൂറുകളോളം ആവർത്തിച്ച് പാരായണം ചെയ്യുന്നതും ചിന്താമഗ്നനായിരിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. അനന്തരം ആ വിഷയം വരുന്ന ഖുർആനിലെ എല്ലാ സൂക്തങ്ങളും ഒരുമിച്ചെടുത്ത് അവയെക്കുറിച്ച് ചിന്തിക്കും. അതിനുശേഷം ഹദീസും നബി ചരിതവും ചരിത്രഗ്രന്ഥങ്ങളും വായിക്കും. ശേഷം പൂർവികരുടേതിൽനിന്ന് തുടങ്ങി സമകാലികരുടേത് വരെയുള്ള എല്ലാ തഫ്സീറുകളും പഠനവിധേയമാക്കുന്നു. ഇടക്ക് ആവശ്യമെന്നുകണ്ടാൽ അറബിഭാഷാ ശാസ്ത്രഗ്രന്ഥങ്ങളും റഫർ ചെയ്യും. പിന്നീട്, പൂർവവേദങ്ങളെല്ലാം മുന്നിൽവെച്ച് ഖുർആനെ അതുമായി താരതമ്യം ചെയ്യും. അതും കഴിഞ്ഞ് പുരാണരേഖകൾ പരിശോധിക്കുകയും ബന്ധപ്പെട്ട കാലത്തെക്കുറിച്ച്, ചരിത്ര രേഖകൾ മുന്നിൽവെച്ച് പഠിക്കുകയും ചെയ്യുന്നു. പ്രസ്തുത കാലഘട്ടത്തിലേക്ക് ഏതെങ്കിലും വെളിച്ചം തരുന്ന ഒന്നും തന്നെ വിട്ടുകളയുകയില്ല. മൗദൂദിയുടെ ഖുർആൻ പഠനത്തിന്റെ പ്രഥമഘട്ടമാണിത്. ഇതിനുശേഷം ശാന്തമായി ഖുർആൻ ഓതിത്തുടങ്ങുകയും ആ ഭാഗത്തെസംബന്ധിച്ച് ഒരു വിദ്യാർഥിയുടെ മനസ്സിൽ ഉണ്ടാകാവുന്ന മുഴുവൻ ചോദ്യങ്ങളും കുറിച്ചിടുകയും ചെയ്യും. എന്നിട്ട് ആ ചോദ്യങ്ങളെല്ലാം മുമ്പിൽവെച്ച് തഫ്സീറും, ഹദീസും, സീറയും, മുജ്തഹിദുകളായ ഇമാമുകളുടെ ഗ്രന്ഥങ്ങളും വായിക്കും. ഈ പ്രക്രിയ ആഴ്ചകളോളം തുടരും. ഇതിനിടയിൽ തഫ്സീറും ഹദീസും സീറയുമൊക്കെ അനേകംതവണ വായിച്ച് തീർന്നിട്ടുണ്ടാവും. രാപകൽ നീണ്ട ഈ അധ്വാനത്തിനു ശേഷവും മൗലാനയുടെ ജോലി തീരുന്നില്ല. ഏറ്റവും വലിയ പണി ഇനിയും ബാക്കികിടക്കുകയാണ്. ഖുർആൻ മനസ്സിലാക്കുന്നതിനു വേണ്ടിയുള്ള ഈ അധ്വാനപരിശ്രമങ്ങളെല്ലാം തന്നെ ഒരെളിയ ദാസന്റെ വിനീതസേവനം മാത്രമായാണദ്ദേഹം കണക്കാക്കിയിരുന്നത്. ഖുർആൻ ഗ്രഹിക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട അവലംബം അല്ലാഹുവിന്റെ തൗഫീഖാണെന്ന വീക്ഷണമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അതിനാലദ്ദേഹം ആവർത്തിച്ചാവർത്തിച്ചു ഓതിക്കൊണ്ടിരിക്കും; ഖുർആനികാവബോധത്തിന്റെ പുതിയ വാതിലുകൾ അല്ലാഹു അദ്ദേഹത്തിനു തുറന്നുകൊടുക്കും വരെ. പഠനത്തിനു ശേഷം പരിഭാഷ ആരംഭിക്കുമ്പോൾ എല്ലാ തർജുമകളുമായും താരതമ്യം ചെയ്തുനോക്കും. എവിടെയെങ്കിലും അവ്യക്തതയുണ്ടെങ്കിൽ വീണ്ടും വായന തുടങ്ങും. വെട്ടും തിരുത്തും അവസാനംവരെ തുടർന്നുകൊണ്ടിരിക്കും.

ചോദ്യം: തഫ്ഹീമല്ലാത്ത മറ്റു രചനകളിലും മൗലാന ഇത്രയേറെ അധ്വാനിക്കുകയും മിനുക്കുപണികൾ നടത്തുകയും ചെയ്തിരുന്നോ?

ഉത്തരം: മറ്റുകൃതികളെ സംബന്ധിച്ചിടത്തോളം പേനയിൽ വരുന്നത് അതേപടി നിലനിർത്തുകയായിരുന്നു പതിവ്. വളരെ

അപൂർവമായേ അതിലെ ഒരു പാതിവാക്കെങ്കിലും തിരുത്തേണ്ടി വരാറുള്ളൂ. തഫ്ഹീം എഴുതുന്നതിനിടക്കുള്ള എഴുത്തും ആവർത്തിച്ചാവർത്തിച്ചുള്ള തഫ്സീർ, ഹദീസ് വായനയും തഫ്ഹീമിന്റെ കാര്യത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറ്റുവല്ലതുമെഴുതുമ്പോൾ തദ്സംബന്ധമായി ഒരിക്കൽ വായിച്ച ഗ്രന്ഥങ്ങൾതന്നെ വീണ്ടും വായിക്കുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല.

ചോദ്യം: ലാഹോറിലും ദാറുൽ ഇസ്‌ലാമിലും വെച്ച് മൗലാനാ മൗദൂദിയിൽനിന്ന് താങ്കൾ ഖുർആൻ പഠിച്ചിട്ടുണ്ടല്ലോ. നദ്‌വയിൽനിന്ന് അറബി ഭാഷയിലും സാഹിത്യത്തിലും വ്യുൽപത്തിയുള്ളവരുടെ പക്കൽനിന്നു വിദ്യാഭ്യാസം നേടിയ ശേഷമാണ് മൗദൂദിയുടെ അടുത്തേക്ക് താങ്കൾ പോയത്. അറബി ഭാഷയിലും സാഹിത്യത്തിലും മൗദൂദിക്ക് വേണ്ടത്ര പിടിപാടില്ലെന്നും അദ്ദേഹം ഒരു പ്രാമാണിക പണ്ഡിതനല്ലെന്നുമുള്ള ആരോപണത്തെക്കുറിച്ച് എന്ത് പറയുന്നു?

ഉത്തരം: വിശുദ്ധഖുർആന്റെ വലിയൊരു ഭാഗം മൗലാനയിൽനിന്ന് ഞാൻ പഠിച്ചിട്ടുണ്ട്. മൗലാനയുടെ പാണ്ഡിത്യം ഉപിവിപ്ലവമാണെന്ന് ഞാനും കേട്ടിരുന്നു. എന്നാൽ മാസങ്ങളോളം മൗലാനയുടെ പക്കൽനിന്ന് ഖുർആൻ പഠിച്ചതിൽനിന്ന് അദ്ദേഹത്തിന്റെ ഖുർആൻ പഠനത്തിന്റെ ആഴവും പരപ്പും ഞാൻ മനസ്സിലാക്കി. സൂക്ഷ്മമായ വിശദാംശങ്ങൾ മുതൽ സങ്കീർണമായ പ്രശ്നങ്ങൾ വരെയുള്ള ഏത് കാര്യത്തിലും അദ്ദേഹത്തിന് വേണ്ടത്ര വ്യുൽപത്തിയുണ്ടായിരുന്നു. കടലാസുകൾ മറിച്ചുനോക്കാതെതന്നെ, ഉറച്ച അഭിപ്രായങ്ങൾ ഏത് വിഷയത്തിലും അദ്ദേഹത്തിന് പറയാൻ കഴിയുമായിരുന്നു. മൗലാനയുടെ ഖുർആൻ പാണ്ഡിത്യം അർഥശങ്കക്കിടമില്ലാത്തവിധം മികച്ചതാണെന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിതന്നെ അംഗീകരിച്ചിട്ടുണ്ട്.

ചോദ്യം: ഖുർആൻ കൂടാതെ മറ്റേതെല്ലാം ഗ്രന്ഥങ്ങളാണ് താങ്കൾ മൗദൂദിയിൽനിന്ന് പഠിച്ചത്?

ഉത്തരം: ശാഹ് വലിയുല്ലാഹി (റ), ഇബ്നുതൈമിയ, ഇബ്നു ഖയ്യിം തുടങ്ങിയവരുടെ ഗ്രന്ഥങ്ങളും പഠിച്ചിട്ടുണ്ട്. പഠനത്തിനിടയിൽ എനിക്കുണ്ടാവുന്ന പ്രയാസങ്ങൾ അദ്ദേഹം നീക്കിത്തരും. ഓരോ ഗ്രന്ഥത്തിലെയും പുതിയ ചർച്ചകൾ തുടങ്ങും മുമ്പ് അതിന്റെ വിശദീകരണം തരും. മഗ്‌രിബിനുശേഷം റൂമിൽ തനിച്ചായിരിക്കുമ്പോഴോ, പ്രഭാതസവാരിക്കിറങ്ങുമ്പോഴോ എന്റെ ആ ദിവസത്തെ വായന വിശകലനം ചെയ്യും. പ്രഭാതസവാരിക്ക് പലപ്പോഴും ഞാൻ തന്നെയായിരുന്നു മൗലാനയുടെ കൂട്ട്. വിദ്യാഭ്യാസം പൂർത്തിയാക്കാൻ തന്റെയടുത്തെത്തുന്നവർക്ക് അത് പൂർത്തിയാക്കിക്കൊടുക്കണമെന്ന് മൗലാനക്ക് നിർബന്ധമായിരുന്നു. ഞാൻ ഒരുനിലക്ക് ഭാഗ്യവാനാണ്. വായനക്കിടയിൽതന്നെ അതിൽ വരുന്ന ആശയസങ്കീർണതകൾ തീർക്കാൻ എനിക്ക് സാധിച്ചു. ഒരു വിഷയവുമായി മൗലാനയുടെ അടുത്തു ചെന്നാൽ പുസ്തകമൊന്നും കയ്യിലെടുക്കാതെയാണ് അദ്ദേഹം വിശദീകരണം നൽകുക. ശാഹ് വലിയുല്ലാഹി, ഇബ്നുതൈമിയ, ഇബ്നുൽ ഖയ്യിം(റ) തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ നന്നായി പഠിച്ചിരുന്ന അദ്ദേഹത്തിന് അവയിലെ വിഷയങ്ങളെല്ലാം ഹൃദിസ്ഥമായിരുന്നു.

ചോദ്യം: ഖുർആൻ പഠനത്തിനായി മൗലാന താങ്കൾക്ക് നിർദേശിച്ചുതന്ന തഫ്സീറുകളേതെല്ലാമായിരുന്നു?

ഉത്തരം: തഫ്സീർ ഇബ്നുജരീർ, തഫ്സീറുൽ കബീർ, കശ്ശാഫ് എന്നിവയും റാഗിബ് ഇസ്ഫഹാനിയുടെ മുഫ്റദാത്ത്, ജസ്സാസ്, ഇബ്നുൽ അറബി എന്നിവരുടെ അഹ്കാമുൽ ഖുർആൻ എന്നിവയും എനിക്ക് വായിക്കാൻ തന്നിരുന്നു. എത്രഭാഗമാണോ വേണ്ടത് അത്രയും പഠിപ്പിച്ചുതരാമെന്ന് അദ്ദേഹം പറയും. നിഘണ്ടു ഏത് വേണമെങ്കിലും തന്റെ മുറിയിൽ വന്ന് എടുത്തുകൊള്ളാൻ സമ്മതവും തന്നിരുന്നു.

ചോദ്യം: ഖുർആൻ പഠനത്തിന് ഏതു രീതി സ്വീകരിക്കുവാനായിരുന്നു മൗലാനയുടെ നിർദേശം?

ഉത്തരം: പഠനരീതിയെക്കുറിച്ച് അദ്ദേഹം പറഞ്ഞിരുന്നതിതാണ്. ഏകാഗ്രചിത്തനായിരുന്നു, എല്ലാ ദുർവിചാരങ്ങളിൽ നിന്നും മനസ്സിനെ സംശുദ്ധമാക്കി, പലതവണകളായി അധ്യായം മുഴുവൻ പാരായണം ചെയത് അതിന്റെ കേന്ദ്രാശയവും അതിന് ഖുർആന്റെ അടിസ്ഥാന പ്രമേയവുമായുള്ള ബന്ധവും മനസ്സിലാക്കുക. പിന്നീട് അധ്യായത്തിലെ വിഷയങ്ങളും വിശ്വാസികളോടും കപടന്മാരോടും മുശ്‌രിക്കുകളോടും കാഫിറുകളോടുമുള്ള സംബോധനരീതിയും നോക്കി ആ അധ്യായത്തിന്റെ അവതരണകാലത്ത് നബിതിരുമേനിയുടെ പ്രബോധനം ഏതു ഘട്ടത്തിലായിരുന്നുവെന്നും ആ സമയത്ത് പ്രബോധനത്തിന് ഏത് വിധത്തിലുള്ള മാർഗനിർദേശമാണ് ആവശ്യമുണ്ടായിരുന്നതെന്നും അതിനെ എങ്ങനെയാണ് അധ്യായം പൂർത്തീകരിക്കുന്നതെന്നും, എതിരാളികളോട് എങ്ങനെ പെരുമാറണമെന്നാണ് അധ്യായം നിർദേശിക്കുന്നതെന്നും മനസ്സിലാക്കുക. ഇതിനു ശേഷം വീണ്ടും വീണ്ടും ഓതിക്കൊണ്ട് ആ അധ്യായം മൊത്തം എത്ര പ്രഭാഷണങ്ങൾ ഉൾക്കൊള്ളുന്നുണ്ടെന്നും ഓരോ ഖുതുബയും എവിടെ തുടങ്ങി എവിടെ അവസാനിക്കുന്നുവെന്നും നോക്കുക. അനന്തരം ഓരോ പ്രഭാഷണത്തിന്റെയും മർമവും അധ്യായത്തിന്റെ കേന്ദ്രാശയവുമായി അതിനുള്ള ബന്ധവും സൂക്തങ്ങൾ തമ്മിലും വിഷയങ്ങൾ തമ്മിലമുള്ള ബന്ധങ്ങൾ, ന്യായവാദങ്ങൾ, സമർഥനരീതി, സംബോധനാ ശൈലി തുടങ്ങിയവയും മനസ്സിലാക്കുക. പിന്നെ അതിന്റെ ഓരോ വ്യാഖ്യാനങ്ങളും വായിച്ചുപഠിച്ച് അവയിലെ പ്രതിപാദ്യങ്ങൾ ഗ്രഹിക്കുക. വിവിധ വ്യാഖ്യാനഗ്രന്ഥങ്ങളെ താരതമ്യം ചെയ്യുകയും ചിന്തയിലുയർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുകയും ചെയ്യുക. പിന്നെ ഭിന്ന വീക്ഷണങ്ങളുള്ള പ്രശ്നങ്ങളിൽ, ബന്ധപ്പെട്ട വാക്യത്തിന്റെ പശ്ചാത്തലത്തെയും ആ വാക്യം വന്ന പ്രഭാഷണം അവതീർണമായ ഘട്ടത്തെയും മുന്നിൽവെച്ച് പ്രബലമായ അഭിപ്രായമേതെന്നും അത് പ്രബലമായതിനുള്ള കാരണങ്ങളെന്തെന്നും അന്വേഷിച്ചറിയുക. ഇതെല്ലാം ചെയ്തുകഴിഞ്ഞ ശേഷം എല്ലാ ഗ്രന്ഥങ്ങളും താഴെവെച്ച് ഖുർആനെടുത്ത് ഏകാഗ്രതയോടെ, ശാന്തമായി നിർത്തി നിർത്തി പാരായണം ചെയ്യുക. ആ വാക്യങ്ങൾ നാവിൽനിന്നല്ല ഹൃദയത്തിൽനിന്ന് നിർഗളിക്കുന്ന വിധത്തിൽ. ഇതാണ് ഖുർആൻ പഠനത്തിന് മൗദൂദി നിർദേശിച്ചു തന്നിരുന്ന മാർഗം.

ചോദ്യം: താങ്കൾ ഈ വിധം തയാറെടുപ്പ് നടത്തുമ്പോൾ പിന്നെ എങ്ങനെയാണ് മൗലാന ക്ലാസ് എടുത്തുതന്നിരുന്നത്?

ഉത്തരം: മൗലാനയുടെ നിർദേശാനുസാരം ഞാൻ പാഠങ്ങൾ തയാറാക്കി രാവിലെ അദ്ദേഹത്തിന്റെ മുറിയിൽ ചെന്നിരുന്ന് പുസ്തകങ്ങൾ വായിച്ചുകൊണ്ടിരിക്കും. പത്ത് മണിയോടെ മൗലാന തന്റെ മുസ്ഹഫുമായി എത്തും. സന്ദർശകരാരെങ്കിലും വന്ന് എന്റെ പനത്തിന് തടസ്സമുണ്ടാകുമെന്ന് കരുതി അദ്ദേഹം പൂമുഖത്തെ ബഞ്ചിലിരിക്കുകയാണ് പതിവ്. അന്നേരം സന്ദർശകരാരെങ്കിലും വന്നാൽ അവരെ പുറത്തെ മുറിയിലിരുത്തി ക്ലാസ് തീരുന്നതുവരെ കാത്തിരിക്കാൻ പറയും. മൗലാന എത്തിക്കഴിഞ്ഞാൽ ആദ്യമായി ഞാൻ അന്ന് പഠിച്ച ഭാഗങ്ങൾ ഓതിക്കേൾപ്പിക്കും. പിന്നെ അതിന്റെ പരിഭാഷയും. അതിനുശേഷം എന്റെ പഠനത്തിന്റെ രത്നച്ചുരുക്കം പറഞ്ഞുകൊടുക്കണം. പ്രഭാഷണത്തിന്റെ തുടക്കം, ഒടുക്കം, കേന്ദ്രാശയം, കേന്ദ്രാശയവുമായി ബന്ധമുള്ള സൂക്തങ്ങൾ, പ്രസ്തുത കേന്ദ്രാശയത്തിന് ഖുർആന്റെ അടിസ്ഥാന പ്രമേയവുമായുള്ള ബന്ധം ഇങ്ങനെ വായനക്കിടയിൽ ലഭിച്ചതൊക്കെ അദ്ദേഹത്തെ കേൾപ്പിക്കും. മൗലാന ഇടക്കിടെ ചോദ്യങ്ങളുന്നയിച്ചുകൊണ്ടിരിക്കും. ആവശ്യമെന്ന് കണ്ടാൽ വിശദീകരണം തരും. പിന്നെ ഓരോ കാര്യവും സവിസ്തരമായി പറഞ്ഞുതരും. അതിനുശേഷം മനസ്സിലായിട്ടില്ലാത്ത കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കാൻ എനിക്ക് അവസരം തരും.

ചോദ്യം: ഒരു പുതിയ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനു വേണ്ടി മെയ്യും മനസ്സുമർപിച്ച് അധ്വാനിച്ചികൊണ്ടിരിക്കുകയും ആ പുതിയ പ്രബോധന സംരംഭം വിശദീകരിക്കുന്നതിനു വേണ്ടി നിരവധി ഗ്രന്ഥങ്ങൾ രചിച്ചുകൊണ്ടിരിക്കുകയും ചെയ്ത ആ കാലം ഒരു പക്ഷേ, മൗദൂദി

യുടെ ജീവിതത്തിലെ ഏറ്റവും തിരക്കുപിടിച്ച കാലമായിരുന്നിരിക്കാം. തഫ്ഹീമുൽ ഖുർആൻ തന്നെയും ഈ കാലത്ത് എഴുതിക്കൊണ്ടിരിക്കുന്നുണ്ടായിരുന്നല്ലോ. ഇത്തരമൊരു ചുറ്റുപാടിൽ ഒരു മുടക്കവുമില്ലാതെ താങ്കൾക്കായി അദ്ദേഹം സമയം കണ്ടെത്തിയതെങ്ങിനെയാണ്?

ഉത്തരം: തിരക്കുപിടിച്ച ആ ജോലികൾക്കിടയിൽ എങ്ങനെയാണ് അദ്ദേഹം എനിക്ക് വേണ്ടി സമയം കണ്ടെത്തിയതെന്ന് എനിക്കും അറിഞ്ഞുകൂട. അധ്യായനസമയത്തുള്ള അദ്ദേഹത്തിന്റെ ശാന്തമായ ഇരുത്തം കണ്ടാൽ ഇതല്ലാതെ മറ്റൊരു ജോലിയും അദ്ദേഹത്തിനില്ലെന്ന് തോന്നിപ്പോകും. ഞാൻ എത്ര നേരം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നുവോ അത്രയും നേരം അദ്ദേഹം ഇരുന്നുതരും. എഴുന്നേൽക്കുമ്പോൾ ഞാൻ ഉന്നയിച്ച സംശയങ്ങളിലൊന്നുപോലും ഉത്തരം കിട്ടാതെ ഉണ്ടാകുമായിരുന്നില്ല.

ചോദ്യം: എത്ര നേരമായിരുന്നു ക്ലാസ്?

ഉത്തരം: 10 മണിക്ക് തുടങ്ങുന്ന ക്ലാസ് തീരുമ്പോൾ ചിലപ്പോൾ ഉച്ചഭക്ഷണത്തിന് സമയമായെന്നു വരും. അപ്പോൾ അദ്ദേഹം നേരെ ഡൈനിംഗ്റൂമിലേക്ക് പോകും. അൽപം നേരത്തെയാണ് കഴിയുന്നതെങ്കിൽ സ്വന്തം റൂമിലേക്കും.

ചോദ്യം: മൗലാനയുടെ ക്ലാസിനെക്കുറിച്ച് താങ്കളുടെ അഭിപ്രായം?

ഉത്തരം: അനാവശ്യവിശദീകരണങ്ങളും വേണ്ടാത്ത ചർച്ചകളും ഖുർആൻ മനസ്സിലാക്കുന്നതിന് തടസ്സമകാത്ത വിധം ഖുർആൻ പദങ്ങളുടെ യഥാർഥ ചൈതന്യം വിദ്യാർഥിയുടെ മനസ്സിലേക്ക് നേരിട്ട് പകർന്നുകൊടുക്കാനാണ് അദ്ദേഹം ശ്രമിച്ചിരുന്നത്.

ചോദ്യം: മറ്റു ഖുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായങ്ങളിൽ അദ്ദേഹത്തിന് എത്രത്തോളം പിടിപാടുണ്ടായിരുന്നു?

ഉത്തരം: പഠനത്തിനിടക്ക് മൗലാനയുടെ ഏതെങ്കിലും ചോദ്യത്തിന് ഞാൻ തെറ്റായ ഉത്തരം പറഞ്ഞാൽ അദ്ദേഹത്തിനത് ഒരു പ്രശ്നമേ ആയിരുന്നില്ല. അദ്ദേഹം കൂടുതൽ ചോദ്യങ്ങൾ ചോദിക്കുയും ശരിയായ ഉത്തരം പറഞ്ഞുതരികയും ചെയ്യും. എന്നാൽ, ഏതെങ്കിലും ഖുർആൻ വ്യാഖ്യാതാക്കളുടെ അഭിപ്രായം ഞാൻ തെറ്റായുദ്ധരിച്ചാൽ, പുസ്തകം തുറന്ന് അത് കാണിച്ചുകൊടുക്കാൻ അദ്ദേഹം ആവശ്യപ്പെടുമായിരുന്നു. അത് ഉദ്ധരിച്ചപ്പോൾ എനിക്ക് തെറ്റു സംഭവിച്ചിട്ടുള്ളതായി അപ്പോൾ ഞാൻ മനസ്സിലാക്കും. മാസങ്ങളോളം നീണ്ട ക്ലാസിൽ മൗലാന പുസ്തകം തുറന്ന് കാണിക്കാൻ ആവശ്യപ്പെട്ട സന്ദർഭങ്ങളിൽ ഒന്നിൽപോലും എനിക്ക് അബദ്ധം പിണയാത്തതായി ഉണ്ടായിട്ടില്ല. വിവിധ ഖുർആൻ വ്യഖ്യാനഗ്രന്ഥങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹമാണല്ലോ ഇത് സൂചിപ്പിക്കുന്നത്.

ചോദ്യം: ക്ലാസിന് എപ്പോഴെങ്കിലും മുടക്കം സംഭവിച്ചിരുന്നോ?

ഉത്തരം: മൗലാന ലാഹോറിന് പുറത്തെവിടെയെങ്കിലും പോകുമ്പോഴോ അദ്ദേഹത്തിനു വല്ല രോഗവും ബാധിക്കുമ്പോഴോ മാത്രമാണ് ക്ലാസ് മുടങ്ങുക. മറ്റു വല്ല പരിപാടികളുമുണ്ടെങ്കിൽ തലേ ദിവസം വൈകുന്നേരം തന്നെ പറയും. നാളെ കാലത്ത് എട്ടു മണിക്ക് വരണമെന്ന്. ഇങ്ങനെ പലതവണ ഉണ്ടായിട്ടുണ്ട്. ചുരുക്കത്തിൽ, എന്റെ ക്ലാസ് നിർബാധം നടന്നു എന്നുതന്നെ പറയാം. ഒടുവിൽ കുറച്ചുകൂടി ബാക്കിയുണ്ടായിരുന്നു. അതുംകൂടി തീർക്കാതെ വീട്ടിലേക്ക് മടങ്ങാൻ ഞാനാഗ്രഹിച്ചിരുന്നില്ല. പക്ഷെ, യുദ്ധകാലമായിരുന്നു അത്. കടുത്ത അനിശ്ചിതാവസ്ഥ. യുദ്ധം ഇന്ത്യയിലേക്കുകൂടി വ്യാപിക്കുമെന്ന ആശങ്ക പരന്നിരുന്നു. അതിനാൽ മൗലാന എന്നെ വീട്ടിലേക്ക് പറഞ്ഞയച്ചു. "താങ്കൾ വീട്ടിൽനിന്ന് വന്നിട്ട് കുറെ നാളായല്ലോ. വരാൻ പോകുന്ന ദിവസങ്ങളിൽ എന്താണുണ്ടാവുകയെന്ന് പറയാൻ പറ്റാത്ത അവസ്ഥയാണിപ്പോൾ. ഒരുപക്ഷേ, പിന്നീട് താങ്കൾക്ക് വീട്ടിൽ പോകാൻ സാധിച്ചില്ലെന്നും വരാം.'' അദ്ദേഹം പറഞ്ഞു. അങ്ങനെ മനമില്ലാ മനസ്സോടെയാണ് ഞാൻ നാട്ടിലേക്ക് തിരിച്ചത്.

ചോദ്യം: പിന്നെയും രണ്ട് തവണ താങ്കൾ മൗലാനയുടെ അടുത്ത് പോവുകയുണ്ടായില്ലേ?

ഉത്തരം: ലാഹോറിൽനിന്ന് വന്ന എനിക്ക് 'ലാഹോർ സൂർ' (ശരീരത്തിൽ കുരുക്കളുണ്ടാകുന്ന ഒരു രോഗം) ബാധിച്ചു. ഒരു ചികിത്സയും ഫലിക്കാതെ വന്നപ്പോൾ ഞാൻ മൗലാനയെ വിവരം അറിയിച്ചു. "അതുകൊണ്ട് താങ്കൾ ഉടനെ ഇവിടെ വരിക. ആ ഇഞ്ചക്ഷനെടുക്കാം. സുഖമായ ശേഷം വീട്ടിൽ പോകാം.'' എന്നാൽ, മറ്റൊരു ചികിത്സയിലൂടെ നാട്ടിൽവെച്ചു തന്നെ എന്റെ രോഗം ഭേദമായി. ഞാൻ സുഖം പ്രാപിച്ച വിവരം മൗലാനയെ അറിയിച്ചു. അതിനുള്ള മറുപടിയിൽ അദ്ദേഹം എനിക്കെഴുതി: "ഞങ്ങൾ ദാറുൽ ഇസ്‌ലാമിലേക്ക് പോവുകയാണ്. താങ്കളും അങ്ങോട്ട് വരിക." മൗദൂദിയുടെ കത്ത് കിട്ടിയ ഉടനെ ഞാൻ ദാറുൽ ഇസ്‌ലാമിൽ എത്തിച്ചേർന്നു.

ചോദ്യം: സ്വാതന്ത്ര്യത്തിന് തൊട്ടു മുമ്പു വരെ ദാറുൽ ഇസ്‌ലാമായിരുന്നല്ലോ മൗലാനയുടെ പ്രവർത്തന കേന്ദ്രം. ആ ഗ്രാമം എങ്ങനെയുണ്ടായിരുന്നു?

ഉത്തരം: സർനാ സ്റ്റേഷനിൽനിന്ന് രണ്ടര ഫർലോങ്ങ് അകലെ, ജനത്തിരക്കിൽ നിന്നൊഴിഞ്ഞ്, റയിൽപാതയുടെ ഓരത്ത് സ്ഥിതിചെയ്യുന്ന, പത്തിരുപത് ഫ്ളാറ്റുകളും എട്ടു പത്ത് ബിൽഡിങ്ങുകളും, പള്ളി, ലൈബ്രറി എന്നിവയുമടങ്ങുന്ന വിശാലമായ ഒരു കോംപ്ലക്സായിരുന്നു ദാറുൽ ഇസ്‌ലാം. തെക്കുഭാഗത്ത്, കോംപ്ലക്സിന്റെ വിശാലമായ കൃഷിയിടത്തിന് കിഴക്ക് ഭാഗത്ത് കൂടെ ഒരു പുഴ ഒഴുകുന്നുണ്ടായിരുന്നു. അതിനപ്പുറം ജമ്മു പർവതനിരകളുടെ മനോഹര ദൃശ്യം.

ചോദ്യം: വീണ്ടും മൗലാനയുടെ സന്നിധിയിൽ ദാറുൽ ഇസ്‌ലാമിലെത്തിയപ്പോൾ പഠനപരിപാടികൾ തുടരുകയുണ്ടായോ?

ഉത്തരം: എന്റെ പഠനക്കാര്യം അന്ധനായ ഒരു ഹാഫിസിനെ മൗലാന ഏൽപിച്ചു. ഇദ്ദേഹം ബുഖാരിയുടെ ഉർദുപരിഭാഷ തയാറാക്കുന്നതിൽ ലിയോ പോൾഡ്‌വെയ്സ്(മുഹമ്മദ് അസദ്)ന്റെ സഹായിയായി പ്രവർത്തിക്കുകയായിരുന്നു. ഈ മാറ്റം എനിക്കിഷ്ടമായില്ല. എന്നാൽ, അതിനെപ്പറ്റി മൗലാനയോട് എന്തെങ്കിലും പറയാൻ കഴിഞ്ഞതുമില്ല. മൗലാനയുടെ നിർദേശപ്രകാരം ഹാഫിസ് സാഹിബിന്റെ അടുത്ത് ഞാൻ 'ബുഅലിസീനാ'യുടെ കിതാബുൽ ഇശാറത്ത് പഠിക്കാൻ തുടങ്ങി. ഹാഫിസ് സാഹിബ് പുസ്തകമല്ല, വിഷയമാണ് പഠിച്ചിരിക്കുന്നതെന്ന് കുറഞ്ഞ ദിവസങ്ങൾ കൊണ്ടുതന്നെ എനിക്ക് ബോധ്യപ്പെട്ടു. ഗ്രന്ഥകാരന് പറയാനാവുന്നതും അല്ലാത്തതുമെല്ലാം അദ്ദേഹത്തിന് അറിയാമായിരുന്നു.

ചോദ്യം: 1941-ൽ ജമാഅത്തെ ഇസ്‌ലാമി രൂപീകരണ സമ്മേളനത്തിൽ പങ്കെടുക്കാൻ ഭാഗ്യം സിദ്ധിച്ചവരിൽ ഒരാളാണല്ലോ താങ്കൾ. വിപ്ലവാവേശം ജ്വലിച്ചു നിന്നിരുന്ന ആ നമിഷങ്ങൾ താങ്കളുടെ ലേഖനങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ആ സമ്മേളനത്തിന്റെ അനുഭൂതി സാന്ദ്രത വ്യഞ്ജിപ്പിക്കുന്ന ഒരു സംഭവം പറയാമോ?

ഉത്തരം: 1941-ൽ ജമാഅത്ത് രൂപീകരണയോഗത്തിൽ സംബന്ധിക്കാനും അന്നത്തെ വികാരസാന്ദ്രമായ നിമിഷങ്ങൾക്കു സാക്ഷ്യം വഹിക്കാനും ഈയുള്ളവനും ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. പണ്ഡിതരുടെയും ധിഷണാശാലികളുടെയും താടിരോമങ്ങൾ കണ്ണുനീരിൽ കുതിർന്ന നിമിഷങ്ങൾ. ഒരു വിശേഷം പറയാം. യോഗം നടന്നു കൊണ്ടിരിക്കെ അംഗങ്ങൾക്ക് ഭക്ഷണമൊരുക്കിക്കൊണ്ടിരുന്ന കെട്ടിടത്തിനകത്ത്നിന്ന് ഒരു നിലവിളി. ആരോ നെഞ്ചത്തടിച്ചു കരയുകയാണ്. എല്ലാവരും കൂടി അകത്തേക്കോടി ചെന്നപ്പോഴുണ്ട് മൗലാന മൗദൂദിയുടെ വെപ്പുകാരൻ മൻസൂർ അഹ്മദ് നിയന്ത്രണം വിട്ട് പൊട്ടിക്കരയുന്നു. കാര്യം തിരക്കിയപ്പോൾ ഏറെ പണിപ്പെട്ട് ആത്മനിയന്ത്രണം വരുത്തി അയാൾ പറഞ്ഞു: "ഈ ആളുകൾ സ്ഥാപിക്കുന്ന ജമാഅത്തിൽ എനിക്കും ചേരണം" തന്നെ അതിൽ ചേർക്കുകയില്ല എന്ന ശങ്കയായിരുന്നു അയാൾക്ക്. തന്നെകൂടി ജമാഅത്തിൽ ചേർക്കണമെന്ന് അയാൾ കെഞ്ചിയപേക്ഷിക്കാൻ തുടങ്ങിയപ്പോൾ മൗലാനയും മറ്റും ചേർന്ന് അയാളെ സമാധാനിപ്പിക്കുകയും ജമാഅത്ത് ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങൾ വായിച്ച് കേൾപിച്ച്

അയാളെ ജമാഅത്തിൽ ചേർത്തു. അങ്ങനെ ജമാഅത്ത് രൂപീകരണ സമ്മേളനത്തിൽ 75 പേരിൽ ഒരാളാവാൻ അയാൾക്കും ഭാഗ്യം സിദ്ധിച്ചു.

ചോദ്യം: പുതുതായി രൂപംകൊണ്ട ഈ ജമാഅത്തുമായി ബന്ധപ്പെട്ട ഏതെങ്കിലും സംഭവം താങ്കൾ ഓർക്കുന്നുണ്ടോ?

ഉത്തരം: ദാറുൽ ഇസ്‌ലാമിലെ താമസക്കാലത്തുണ്ടായ പ്രധാന സംഭവങ്ങൾ എന്റെ കൃതികളിൽ വിവരിച്ചിട്ടുണ്ട്. തങ്ങളുടെ ചിന്താപരവും കർമപരവുമായ കഴിവുകളും ജീവിതം തന്നെയും ഉഴിഞ്ഞുവെക്കുമെന്ന് പ്രതിജ്ഞയെടുത്തുകൊണ്ട് വലിയ ആവേശപ്രകർഷങ്ങളോടെ രൂപം നൽകിയ ജമാഅത്ത് ഒന്നര വർഷം പിന്നിട്ടപ്പോൾ ദുർബലചിത്തരായ ചില ആളുകളുടെ ആഭ്യന്തരമായ ഗൂഢാലോചനക്കിരയായി: മൗദൂദിയുടെ വിവേകവും സഹിഷ്ണുതയും അചഞ്ചലതയും ദീർഘദൃഷ്ടിയും സർവോപരി അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹവുമാണ് പ്രസ്ഥാനത്തെ തകർച്ചയിൽനിന്നു രക്ഷിച്ചത്.

ചോദ്യം: ജമാഅത്തിനെ തകിടം മറിക്കാൻ ഒരുമ്പെട്ടവർ താങ്കളെയും കൂടെകൂട്ടാൻ ശ്രമിക്കുകയുണ്ടായോ?

ഉത്തരം: തീർച്ചയായും. പക്ഷേ, എന്റെ പ്രകൃതിക്ക് നിരക്കുന്നതായിരുന്നില്ല അത്. അതിനാൽ ആ ശ്രമം വിജയിച്ചില്ല. മൗലാനയോടൊപ്പം ഞാൻ രണ്ടുകൊല്ലം താമസിച്ചു കഴിഞ്ഞിരുന്നു. കുഴപ്പങ്ങൾക്കു കരുനീക്കം നടത്തിയവരെപ്പറ്റി എനിക്കു നല്ല പോലെ അറിയാമായിരുന്നു. അത്കൊണ്ട് ദൈവഗത്യാ ഞാനതിൽനിന്നും രക്ഷപ്പെട്ടു.

ചോദ്യം: ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആരംഭദശയിൽതന്നെ അതിനെ ശിഥിലമാക്കാൻ തന്റെ ചില അടുത്ത സുഹൃത്തുക്കൾ നടത്തിയ ഉപജാപങ്ങൾ മൗദൂദിയിൽ എന്ത് പ്രതികരണമാണുളവാക്കിയ്?

ഉത്തരം: മൗലാനാ മൗദൂദിയുടെ വർഷങ്ങളായുള്ള അധ്വാന പരിശ്രമങ്ങളുടെ ഫലമായി ഒരു പ്രസ്ഥാനം നിലവിൽവന്നു കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളൂ. ആ സമയത്ത് അതിനെ തകർക്കാനുള്ള ശ്രമങ്ങൾ അദ്ദേഹത്തെ എത്രമാത്രം വേദനിപ്പിച്ചിട്ടുണ്ടാവുമെന്ന് നിങ്ങൾക്കുതന്നെ ഊഹിക്കാവുന്നതാണല്ലോ. മജ്ജയും മാംസവുമുള്ള ഒരു മനുഷ്യൻ തന്നെയാണല്ലോ അദ്ദേഹവും. ഏറെ നിർഭാഗ്യകരമായ ആരോപണങ്ങളാണ് അദ്ദേഹത്തിനെതിരെ ഉന്നയിക്കപ്പെട്ടത്. അത്തരമൊരു ഘട്ടത്തിൽ ഒരു സാധാരണ മനുഷ്യന് ആത്മനിയന്ത്രണം സാധ്യമാവുമെന്ന് എനിക്ക് തോന്നുന്നില്ല. അന്ത്യ നിമിഷംവരെ തന്റെ ആലംബവും അഭയസ്ഥാനവുമായിരുന്ന വിശുദ്ധ ഖുർആന്റെ അമാനുഷികതയാണ് അദ്ദേഹത്തിന് രക്ഷാകവചമായിത്തീർന്നത്. ഖുർആനിലൂടെ അവർക്കദ്ദേഹം നൽകിയ മറുപടി അദ്ദേഹത്തിന്റെ പാദങ്ങൾക്ക് സ്ഥൈര്യം പകർന്നു.

ചോദ്യം: മൗലാനയുടെ സ്വകാര്യജീവിതത്തെക്കുറിച്ച് എന്ത് പറയുന്നു?

ഉത്തരം: മൗലാനയുടെ അകവും പുറവും തമ്മിൽ അന്തരമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തിൽ രഹസ്യം എന്നൊന്നില്ല. പുറമെ എങ്ങിനെയിരുന്നോ, അങ്ങനെ തന്നെയായിരുന്നു അകവും. ഗ്രന്ഥരചന, കത്തുകൾക്കുള്ള മറുപടി, പ്രസ്ഥാന പ്രവർത്തനങ്ങളുടെ മേൽനോട്ടം, ഖുർആൻ ക്ലാസുകൾ, തർജുമാനുൽ ഖുർആന്റെ പ്രൂഫ്റീഡിംഗ്, സ്വന്തം കൃതികളുടെ പരിശോധന, ഇങ്ങിനെ ക്ലേശപൂർണവും ബഹുലവുമായിരുന്നു അദ്ദേഹത്തിന്റെ കൃത്യാന്തരങ്ങൾ. എല്ലാം അദ്ദേഹം തനിച്ചുതന്നെ ചെയ്തു. മാസിക പാക്ക് ചെയ്യുക, വിലാസവും മറ്റും എഴുതുക തുടങ്ങിയ ജോലികളിൽനിന്ന് എന്നെയും മറ്റു സുഹൃത്തുക്കളെയും അദ്ദേഹം തടഞ്ഞിരുന്നു.ലളിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഇടക്കു വിറകുകീറിയും വെള്ളം കോരുകയുമെല്ലാം ചെയ്യും. ഏതുജോലിലും വൃത്തിയായും വെടിപ്പോടെയും ചെയ്തു. വിഭവങ്ങൾ പരിമിതമായിരുന്നിട്ടും അന്തസ്സുള്ള ചിട്ടയായ ജീവിതം നയിച്ചു. ഈ വൃത്തിയും ചിട്ടയുമൊക്കെയാണ് ചിലർ അദ്ദേഹത്തിന് തഖ്‌വ (ഭക്തി) കുറവാണെന്ന് ആരോപിക്കാൻ കാരണമായത്.

ചോദ്യം: ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പ്രാരംഭ ഘട്ടത്തിൽ മൗദൂദിയുടെ സ്വഭാവമഹിമയും മാന്യതയും പ്രകടമായ വല്ല സ്വഭാവവും പറയാമോ?

ഉത്തരം: ലാഹോറിൽ തർജുമാനുൽ ഖുർആൻ മാസികയുടെയും ബുക്ക് സ്റ്റാളിന്റെയും ചുമതല വഹിച്ചിരുന്നത് മുഹമ്മദ് ഷാ സാഹിബായിരുന്നു. മൗലാന അക്കാലത്ത് ദാറുൽ ഇസ്‌ലാമിലാണ് താമസം. ഷാ സാഹിബ് അഴിമതി നടത്തുന്നുവെന്നും അനേകം ഗ്രന്ഥങ്ങൾ മറ്റു സ്ഥാപനങ്ങൾക്ക് വിറ്റ് സ്വകാര്യ നേട്ടമുണ്ടാക്കുന്നുവെന്നും അറിയാനിടയായി. ദാറുൽ ഇസ്‌ലാമിൽവെച്ച് ഒരു ദിവസം മൗലാന എന്നോട് പറഞ്ഞു: "നാളെ എന്റെ കൂടെ ലാഹോറിൽ വരണം." ലാഹോറിലെത്തിയ ഉടനെ മൗലാന മാസികയുടെയും ബുക്ക്സ്റ്റാളിന്റെയും മുഴുവൻ ചുമതലകളും തിരിച്ചേൽപിക്കാൻ ഷാ സാഹിബിനോട് ആവശ്യപ്പെട്ടു. അയാൾ അപ്പോഴും ഒരു അലമാറ തുറക്കാൻ കൂട്ടാക്കിയില്ല. അതിൽ തന്റെ സ്വന്തം പുസ്തകങ്ങളാണെന്നദ്ദേഹം പറഞ്ഞു. അയാൾ ചാർജൊഴിഞ്ഞ ശേഷം അലമാറ തുറന്നപ്പോൾ മൗലാനയുടെ പല ഗ്രന്ഥങ്ങളും ഒരു പുസ്തകക്കച്ചവടക്കാരന് വിൽപന നടത്തിയതായി മനസ്സിലായി. വളരെ സമർഥമായാണ് മൗലാന പ്രശ്നം കൈകാര്യം ചെയ്തത്. കോടതി നടപടികൾക്ക് മിനക്കെട്ടില്ല. പ്രശ്നം സുഹൃത്തുക്കളോടെല്ലാം പറഞ്ഞ് ഷാ സാഹിബിനോട് കടുത്ത നിലപാട് സ്വീകരിക്കാനും തുനിഞ്ഞില്ല. ക്ഷമാപൂർവം അയാളുമായുള്ള ബന്ധം അവസാനിപ്പിക്കുകയായിരുന്നു. മൗലാനയുടെ കയ്യൊപ്പുള്ള പുസ്തകങ്ങൾ മാത്രമേ വാങ്ങാവൂ എന്ന് തർജുമാനിലൂടെ തന്റെ പുസ്തകം വാങ്ങുന്നവർക്ക് നിർദേശം നൽകുക മാത്രം ചെയതു.

ചോദ്യം: ദാറുൽ ഇസ്‌ലാമിലെ തന്റെ കൂട്ടുകാരോടുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം എങ്ങനെയായിരുന്നു?

ഉത്തരം: ഞങ്ങളെയെല്ലാം തനിക്ക് തുല്യരായ ആളുകളായി മനസ്സിലാക്കിയാണ് അദ്ദേഹം പെരുമാറിയിരുന്നത്. ഞങ്ങളിലാർക്കും ചെയ്യാൻ കഴിയുന്ന ഏറ്റവും നിസ്സാരമായ ജോലികൾ പോലും സ്വയം ചെയ്യുന്നതിന് യാതൊരു നാണവും അദ്ദേഹത്തിനുണ്ടയിരുന്നില്ല. ഞങ്ങളോടൊപ്പമായിരിക്കും അദ്ദേഹം. ഒരു മഹാപണ്ഡിതനും ധിഷണാശാലിയുമാണെന്ന തോന്നലേ ഉണ്ടാവാത്ത വിധത്തിലായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. ഭാര്യയും വെപ്പുകാരനുമില്ലാത്ത സമയങ്ങളിൽ ചായയും ഭക്ഷണവുമൊക്കെ അദ്ദേഹം സ്വയം തന്നെ പാകം ചെയ്ത് ഞങ്ങളെയും കൂടി കഴിപ്പിക്കും. പ്രഭാതസവാരിക്ക് അധികവും മുടക്കംകൂടാതെ ഞാൻ മൗലാനയോടൊപ്പമുണ്ടാകും. ഒരിക്കൽ മലിക് ഗുലാം അലി സാഹിബ് പ്രഭാതസവാരിയിൽനിന്ന് മാറിനിന്നു. അദ്ദേഹത്തിനു ചികിത്സാർഥം സമീപഗ്രാമത്തിൽനിന്ന് മോര് വാങ്ങിക്കൊണ്ടുവരാനുണ്ടായിരുന്നു. മൗലാന പറഞ്ഞു: "അതിനെന്താ വിഷമം? ഇന്നത്തെ നടത്തം നമുക്ക് ആ വഴിയാക്കാം?" അങ്ങനെ അന്നത്തെ സവാരി ആ ഗ്രാമത്തിലേക്കാക്കി. പിന്നീട് മലിക് സാഹിബിന് മോര് വേണ്ടിവരുമ്പോഴൊക്കെ ബക്കറ്റുമെടുത്ത് ഞങ്ങളെല്ലാവരും കൂടി ആ ഗ്രാമത്തിലേക്ക് നടക്കും. ചുരുക്കത്തിൽ, ജാടകളോ കൃത്രിമത്തമോ ഇല്ലാത്ത, വിനയവും ലാളിത്യവും പുലർത്തിയ മൗലാന കൂട്ടുകാർക്കെല്ലാം തന്നെ ആദരണീയനായിരുന്നു.

**വിവ: വി.എം. ഇബ്രാഹിം (ശാന്തപുരം)**